ഏസി.എച്ച്/2022
01.2022.

# പത്രക്കുറിപ്പ്

**ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2021**
**സ്പോട്ട് അഡ്മിഷൻ – തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ മേഖല – ജനുവരി 10 , 11, 12 തീയതികളിൽ**
**പുതിയ രജിസ്ട്രേഷനും പ്രൊഫൈൽ തിരുത്തുവാനുമുള്ള അപേക്ഷ ജനുവരി 08 വരെ**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് മേഖല തലത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. **തിരുവനന്തപുരം, മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അഡ്മിഷൻ ജനുവരി 10–നും, കൊല്ലം ജനുവരി 11–നും ആലപ്പുഴ മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അഡ്മിഷൻ ജനുവരി 12–നും നടത്തുന്നതാണ്.**

**പുതിയ രജിസ്ട്രേഷനും പ്രൊഫൈൽ തിരുത്തുവാനുമുള്ള അവസരം ജനുവരി 08–ാം തീയതി 5.00 മണി വരെ ഉണ്ടായിരിക്കുന്നതാണ്.**

വിദ്യാർത്ഥികൾ ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം താഴെ പറയുന്ന സെന്ററിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അഡ്മിഷൻ സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. മേഖലാടിസ്ഥാനത്തിലുള്ള സെന്ററുകൾ താഴെ പറയുന്നവയാണ്

- തിരുവനന്തപുരം – യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം
- കൊല്ലം – എസ് എൻ കോളേജ് കൊല്ലം
- ആലപ്പുഴ – മാർ ഗ്രിഗോറിയസ് കോളേജ്, പുന്നപ്ര, ആലപ്പുഴ

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അഡ്മിഷനിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇത് വരെ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അഡ്മിഷനിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 300 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1030 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം

**തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകൾ എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.**

Sd/-
**രജിസ്ട്രാർ**